(ഡി) അമ്പലപ്പുഴ–കഞ്ഞിപ്പാടം റോഡിന്റെ എസ്റ്റിമേറ്റ് തുക 8.4 ലക്ഷം രൂപയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള റോഡിന്റെ ഏകദേശ അടങ്കൽ തുക 58 ലക്ഷം രൂപയാണ്.

കെ.കെ. റോഡ്

119 [132] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.കെ. റോഡിൽ പുല്ലുപാറ എന്ന് സ്ഥലത്ത് ഒരുവശം കിഴുക്കാംതൂക്കായ കൊക്കയാകയാൽ റോഡിന്റെ ഒരുവശം ഇടിഞ്ഞ് അപകടം ഉണ്ടാകുവാനുള്ള സാദ്ധ്യതയുണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപകടം ഒഴിവാക്കുന്നതിനുവേണ്ടി അപകടസാദ്ധ്യതയുള്ള റോഡ് സൈഡിൽ ഭിത്തികെട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാട്ടറ–കാലാങ്കി ഹിൽ റോഡ്

120 [133] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട മാട്ടറ–കാലാങ്കി ഹിൽ റോഡ് തികച്ചും യാത്രായോഗ്യമല്ലാത്തതിനാൽ ടാറിംഗ് നടത്തണമെന്നു കാണിച്ച് ഗവൺമെന്റിന് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ടാറിംഗിനും ഒരു കോസ്വേ നിർമ്മിക്കുന്നതിനുമായി ഗവൺമെന്റിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

കൊയിലാണ്ടി താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതും ഏറ്റെടുത്തതുമായ റോഡുകൾ

121 [134] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതും ഏറ്റെടുത്തതുമായ റോഡുകളുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട്. †

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly